# കാലിക്കറ്റ് സർവ്വകലാശാല
# ഡ്യൂപ്ലിക്കേറ്റ് മാർക്ക് ലിസ്റ്റ്/സർട്ടിഫിക്കറ്റ്
# (ബി.ടെക്/ ബി.ആർക്ക്)

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും ഒരിക്കൽ നൽകിയ മാർക്ക് ലിസ്റ്റ് / സർട്ടിഫിക്കറ്റിന്റെ ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിക്കുമ്പോൾ താഴെ പറയുന്ന നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്.

1. മാർക്ക് ലിസ്റ്റ്/ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ട വിവരം പത്രത്തിൽ പരസ്യം ചെയ്യണം.

2. ഏതു പത്രമായാലും കുഴപ്പമില്ല.

3. പരസ്യം ഇംഗ്ലീഷ്/മലയാളം ആവാം.

4. പത്ര പരസ്യത്തിൽ നഷ്ടപ്പെട്ട മാർക്ക് ലിസ്റ്റുകളുടെ ( സെമസ്റ്റർ/ബ്രാഞ്ചിന്റെ പേര് ,പരീക്ഷ നടന്ന മാസം,വർഷം, ഉദാ: III-ാം സെമസ്ററർ ബി.ടെക് സിവിൽ എഞ്ചിനീയറിംഗ് നവം.2019) /സർട്ടിഫിക്കറ്റിന്റെ പേര്, രജിസ്റ്റർ നമ്പർ, പരീക്ഷ നടന്ന മാസം,വർഷം,യൂണിവേഴ്സിറ്റിയുടെ പേര്, അപേക്ഷകന്റെ വിലാസം, മാർക്ക് ലിസ്റ്റ് നഷ്ടപ്പെട്ട യാത്രയിലെ സ്ഥലം (From-To) എന്നിവ വ്യക്തമായി കാണിക്കേണ്ടതാണ്.

5. പരസ്യം പത്രത്തിൽ വന്നതിനു ഏഴു ദിവസത്തിനു ശേഷം ഒരു അഫിഡവിറ്റ് വാങ്ങേണ്ടതാണ്. 100 രൂപയുടെ മുദ്ര പത്രത്തിൽ ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ അഫിഡവിറ്റ് ആണ് വാങ്ങേണ്ടത്.

6. നോട്ടറി നൽകുന്ന അഫിഡവിറ്റ് വാങ്ങിയാൽ സ്വീകരിക്കുന്നതല്ല.

7. അഫിഡവിറ്റിൽ മാർക്ക് ലിസ്റ്റ് / സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടതിന്റെ സാഹചര്യങ്ങളും വിശദവിവരങ്ങളും പത്രപരസ്യത്തിലേതു പോലെ തന്നെ നൽകുക

8. നഷ്ടപ്പെട്ട മാർക്ക് ലിസ്റ്റ്/ സർട്ടിഫിക്കറ്റ് തിരിച്ച് കിട്ടുകയാണെങ്കിൽ അത് യൂണിവേഴ്സിറ്റിയിൽ തിരിച്ചേൽപ്പിക്കുമെന്നും ദുരുപയോഗപ്പെടുത്തില്ലെന്നും അഫിഡവിറ്റിൽ കാണിക്കണം.

9. വ്യത്യസ്ത കോഴ്സുകളുടെ മാർക്ക് ലിസ്റ്റ് ഒരുമിച്ച് നഷ്ടപ്പെട്ടാലും ഒരു പത്ര പരസ്യവും ഒരു അഫിഡവിറ്റും മതി.എന്നാൽ വ്യത്യസ്ത അപേക്ഷകളും വ്യത്യസ്ത ചലാനും വേണം.

10. ഡ്യൂപ്ലിക്കേറ്റ് മാർക്ക് ലിസ്റ്റിന് അപേക്ഷിക്കുന്നവർ അത് നഷ്ടപ്പെട്ട സ്ഥലത്തെ ഒരു പത്രത്തിൽ ആണ് പരസ്യം നൽകേണ്ടത്. എന്നാൽ നഷ്ടപ്പെട്ട സ്ഥലത്ത് നിന്ന് ഇത് സംബന്ധിച്ച അഫിഡവിറ്റ് തയ്യാറാക്കണമെന്ന് നിർബന്ധമില്ല.അപേക്ഷകന് നിലവിലുള്ള സ്ഥലത്ത് നിന്ന് അഫിഡവിറ്റ് തയ്യാറാക്കാവുന്നതാണ്.

11. കേടുപാടുകൾ സംഭവിച്ച മാർക്ക് ലിസ്റ്റ്/ സർട്ടിഫിക്കറ്റിന്റെ ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിക്കുന്നതിന് പത്രപരസ്യം ആവശ്യമില്ല. എന്നാൽ അപേക്ഷയോടൊപ്പം നോട്ടറി സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റും, യൂണിവേഴ്സിറ്റിയിൽ നിന്നും നൽകിയതാണെന്ന് തെളിയിക്കാനുതകുന്ന രജിസ്റ്റർ നമ്പർ, ഫോളിയോ നമ്പർ എന്നിവ കാണിക്കുന്ന മാർക്ക് ലിസ്റ്റ് / സർട്ടിഫിക്കറ്റിന്റെ അവശിഷ്ടങ്ങൾ എന്നിവ ബ്രാഞ്ച് തലവന്റെ മുമ്പാകെ ഹാജരാക്കേണ്ടതാണ്. .ഇത്തരം കേസുകളിൽ ബ്രാഞ്ച് തലവന്റെ തീരുമാനത്തിന് വിധേയമായി ഡ്യൂപ്ലിക്കേറ്റ്/ സർട്ടിഫിക്കറ്റ്/മാർക്ക് ലിസ്റ്റ് നൽകുന്നതാണ്.

12. ഡ്യൂപ്ലിക്കേറ്റ് മാർക്ക് ലിസ്റ്റിന് അപേക്ഷിക്കാൻ നിശ്ചിത അപേക്ഷാഫോറം ഉണ്ട്.

13. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനാണ് അപേക്ഷിക്കുന്നതെങ്കിൽ ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റിന്റെ അപേക്ഷാഫോറം ഉപയോഗിക്കേണ്ടതാണ്. ഇതിൽ ഡ്യൂപ്ലിക്കേറ്റ് എന്ന് രേഖപ്പെടുത്തേണ്ടതാണ്.

14. ഒരു ഡ്യൂപ്ലിക്കേറ്റ് മാർക്ക് ലിസ്റ്റിന്റെ ഫീസ് **410** രൂപയാണ്.പോസ്റ്റൽ ചാർജ് ആയി **50** രൂപ കൂടി അടക്കുക. CRDM01 എന്ന Purpose code ൽ ആണ് ഫീസ് അടവാക്കേണ്ടത്.

    രണ്ടാം തവണ ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിക്കുമ്പോൾ അടവാക്കേണ്ട ഫീസ് **1000** രൂപ + **50** രൂപ പോസ്റ്റൽചാർജ്.

15. ഡ്യൂപ്ലിക്കേറ്റ് മാർക്ക് ലിസ്റ്റിനുള്ള അപേക്ഷയോടൊപ്പം മറ്റ് രേഖകൾക്ക് പുറമെ എസ്.എസ്.എൽ.സി ബുക്കിന്റെ ആദ്യത്തെ പേജിന്റെ അറ്റസ്റ്റ് ചെയ്ത ഫോട്ടോകോപ്പിയും ഹാജരാക്കിയിരിക്കണം.

16. വിദേശങ്ങളിലിരിയ്ക്കെ അക്കാദമിക് രേഖകൾ നഷ്ടപ്പെടുന്നവർ അവിടുത്തെ ഇംഗ്ലീഷ് ദിന പത്രങ്ങളലേതെങ്കിലും ഒന്നിൽ

പരസ്യം പ്രസിദ്ധപ്പെടുത്തുകയും, ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിന് തുല്യമായ പദവിയിലുള്ള അതതു രാഷ്ട്രങ്ങളിലെ ഇന്ത്യൻ എമ്പസികളിലുള്ള ക്ലാസ് ഒന്ന് ഉദ്യോഗസ്ഥൻമാർ സമക്ഷം വെള്ള കടലാസിൽ സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റ് ഡ്യൂപ്ലിക്കേറ്റിനുള്ള അപേക്ഷക്കൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ One and the Same സർട്ടിഫിക്കറ്റും അടക്കം ചെയ്യേണ്ടതാണ്

17. ഡ്യൂപ്ലിക്കറ്റ് സർട്ടിഫിക്കറ്റാണ് വേണ്ടതെങ്കിൽ അതിന്റെ ഫീസ്

a)പരീക്ഷ പാസായി 5 വർഷം വരെ 585 രൂപ + പോസ്റ്റൽ ചാർജ്50 രൂപ

b) പരീക്ഷ പാസായി 10 വർഷം വരെ 1165 രൂപ+പോസ്റ്റൽ ചാർജ് 50 രൂപ

c) പരീക്ഷ പാസായി 10 വർഷം കഴിഞ്ഞാൽ 2320 രൂപ+പോസ്റ്റൽ ചാർജ്50 രൂപ

d) രണ്ടാം തവണ ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിക്കുമ്പോൾ ഫീസ് : 2900 രൂപ +പോസ്റ്റൽ ചാർജ്50 രൂപ.

DUP002 എന്ന Purpose code ൽ ഫീസ് അടവാക്കേണ്ടതാണ്.

18. ഡ്യൂപ്ലിക്കേറ്റ് അപേക്ഷയോടൊപ്പം വയ്ക്കേണ്ട രേഖകൾ

a) ഫീസ് അടച്ച ചലാൻ രസീത്.

b) പരസ്യം പ്രസിദ്ധീകരിച്ച മുഴുവൻ പത്രം ഹാജരാക്കേണ്ടതാണ്.

(പരസ്യഭാഗം പ്രത്യേകമായിഅടയാളപ്പെടുത്തുക)

c) അഫിഡവിറ്റ്

d) നഷ്ടപ്പെട്ട രേഖയുടെ പകർപ്പ് (ഉണ്ടെങ്കിൽ)

e) എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ ആദ്യത്തെ പേജിന്റെ കോപ്പി

അപേക്ഷ അയക്കേണ്ട വിലാസം : പരീക്ഷാ കൺട്രോളർ
കാലിക്കറ്റ് യൂണിവേഴ്സിറ്റി
കാലിക്കറ്റ് യൂണിവേഴ്സിറ്റി(പി.ഒ)
മലപ്പുറം- 673635